**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1392** **12-02-2025 - ൽ മറുപടിയ്ക്ക്**

**ബൈ ട്രാൻസ്ഫർ പ്രമോഷനിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർസെക്കന്ററി അധ്യാപകരായി ബൈ ട്രാൻസ്ഫർ പ്രമോഷൻ ലഭിച്ച ഹൈസ്കൂൾ അധ്യാപകർക്ക് ആകെ സർവ്വീസ് പരിഗണിച്ച് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി ഉദ്യോഗക്കയറ്റം നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഹൈസ്കൂൾ അസിസ്റ്റന്റ് ആയി ബൈ ട്രാൻസ്ഫർ പ്രമോഷൻ ലഭിച്ച ലോവർ പ്രൈമറി/അപ്പർ പ്രൈമറി അധ്യാപകർ ലോവർ പ്രൈമറി/അപ്പർ പ്രൈമറി ഹെഡ്മാസ്റ്ററായി പരിഗണിക്കപ്പെടുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മേൽപ്പറഞ്ഞ ഇരു സാഹചര്യങ്ങളിലെയും പരിഗണനയിലെ അന്തരത്തിന്റെ/അപാകതയുടെ കാരണം വ്യക്തമാക്കുമോ; | (സി) | i) സ്പെഷ്യൽ റൂൾ പ്രകാരം എച്ച്എം/ എഇഒ സ്ഥാനക്കയറ്റത്തിന്റെ ഫീഡർ കാറ്റഗറിയിൽ എച്ച്.എസ്.എസ്.റ്റി തസ്തിക ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ 23/06/2023 ൽ കൂടിയ അഡ്ഹോക് ഡിപിസി(ലോവർ) എച്ച്.എസ്.എസ്.റ്റി തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരെ ഹൈസ്കൂൾ എച്ച്എം/എഇഒ സ്ഥാനക്കയറ്റത്തിനു പരിഗണിച്ചിട്ടില്ല.<br><br>ii) 18/04/1978 ലെ സ.ഉ (എം.എസ്) നം. 46/78/ പൊവിവ പ്രകാരമാണ് ലോവർ പ്രൈമറി അപ്പർ പ്രൈമറി ഹെഡ്മാസ്റ്റർ നിയമനം നടത്തുന്നത്.<br><br>iii) ലോവർ പ്രൈമറി മുതൽ ഹൈസ്കൂൾ തലം വരെയുള്ള ജീവനക്കാരുടെ നിയമനം, സ്ഥാനക്കയറ്റം മുതലായവയും, ഹയർ സെക്കന്ററി തലത്തിലുള്ള ജീവനക്കാരുടെ നിയമനം, സ്ഥാനക്കയറ്റം മുതലായവയും രണ്ട് വ്യത്യസ്ത സ്പെഷ്യൽ റൂളുകൾ അടിസ്ഥാനമാക്കിയാണ് നടത്തപ്പെടുന്നത്. |
| (ഡി) | സെക്രട്ടേറിയേറ്റ് ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ പ്രമോഷൻ ലഭിച്ച് മറ്റു തസ്തികകളിലേക്ക് പോകുന്ന ഉദ്യോഗസ്ഥരുടെ ആദ്യ നിയമന അഡ്വൈസ് തീയതി പ്രകാരം നിലവിൽ ജോലി ചെയ്യുന്ന തസ്തികകളിൽ സീനിയോറിറ്റിക്ക് | (ഡി) | 06/02/2013ലെ സ.ഉ.(പി)നം.5/2013/ഉഭപവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നത്. പി.എസ്.സി മുഖേന നിയമനം |

| | | | |
|---|---|---|---|
| | പരിഗണിക്കണമെന്ന സർക്കാർ ഉത്തരവ് നം. ഉപ.സി3/100/2024/പി&എ.ആർ.ഡി. തീയതി 24.09.2024 അധ്യാപകർക്ക് ബാധകമല്ലേ; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | | ലഭിക്കുന്ന ജീവനക്കാരന് എൻട്രി കേഡർ തസ്തികയിൽ മാത്രമേ അന്തർ വകുപ്പ് സ്ഥലം മാറ്റത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ജില്ലാതല റാങ്ക് പട്ടികകളിൽ നിന്ന് ആസ്ഥാന കാര്യാലയ ഒഴിവിൽ ഓപ്റ്റ് ചെയ്ത ജില്ലയിലേയ്ക്ക് 06/02/2013 ലെ G.O(P) 5/2013/P&ARD നമ്പർ ഉത്തരവിലെ ഖണ്ഡിക 3(viii), 3(ix) എന്നിവ പ്രകാരം അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് (ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് ഒഴികെ) കെ.എസ്.& എസ്.എസ്.ആർ ഭാഗം II ചട്ടം 27(സി) പ്രകാരം മാതൃജില്ലയിൽ ആദ്യ അഡ്വൈസ് തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി അനുവദിച്ച് നൽകി ക്കൊണ്ട് 10/07/2014 ലെ GO(P) No. 20/2014/P&ARD, 14/11/2014 ലെ GO(P) No. 38/2014/P&ARD നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, കെ.എസ്& എസ്.എസ്.ആർ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് കണക്കിലെടുക്കാതെ, നിർദ്ദിഷ്ട തസ്തികകളിൽ ആദ്യ അഡ്വൈസ് തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി സംരക്ഷിച്ച് നൽകേണ്ടതാണ് എന്ന് സ്പഷ്ടമാക്കി കൊണ്ടാണ് 24.09.2024-ലെ ഉപ.സി3/100/2024/പി&എ.ആർ.ഡി നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ പ്രകാരമുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവുകൾ അന്തർ വകുപ്പ് സ്ഥലം മാറ്റം സംബന്ധിച്ചുള്ളവ ആകയാൽ ടി ഉത്തരവുകൾ അധ്യാപകർക്ക് ബാധകമല്ല. |

സെക്ഷൻ ഓഫീസർ